**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ; | (എ) | **പട്ടികവർഗ്ഗം**<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കുന്നതിനായി വിവിധ ജീവനോപാധി പദ്ധതികളും തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങളും പട്ടികവർഗ്ഗ വികസനവകുപ്പ് നടത്തിവരുന്നു. പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുത്തി സ്വയം പര്യാപ്തരാക്കുന്നതിനുമായി വിവിധങ്ങളായ ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് മെച്ചപ്പെട്ട തൊഴിൽ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇതിലൂടെ മെച്ചപ്പെട്ട ഉപജീവനം ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നു. കൂടാതെ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ ഭാഗമായി (TRACE) സർക്കാർ മേഖലയിൽ നിരവധി പട്ടികവർഗ്ഗ യുവതീ-യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ച് വരുന്നു. ട്രൈബൽ പ്ലസ് പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് നിലവിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പുറമേ അധികമായി 100 ദിവസത്തെ തൊഴിൽ ഉറപ്പ വരുത്തുന്നു. കൂടാതെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങളായ കൃഷി, വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം എന്നിവയിൽ നിന്ന് അധികവരുമാനം കണ്ടെത്തുന്നതിനുള്ള സഹായവും |

വകുപ്പ് നൽകി വരുന്നു. ഇതിലൂടെയെല്ലാം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ഒരു പരിധിവരെ കഴിയുന്നുണ്ട്.

**പട്ടികജാതി**

നൈപുണ്യ വികസന പരിശീലനങ്ങൾ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് , ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്ന പരിശീലകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നതാണ്.

നൈപുണ്യ വികസന പരിശീലന പദ്ധതികൾ പ്രകാരം 2016-17 മുതൽ നാളിതുവരെ 72,250 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

സ്വയം തൊഴിൽ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 (പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായി ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 2,488 പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യം അനുവദിച്ച നൽകിയിട്ടുണ്ട് .

വിദേശതൊഴിൽ ധനസഹായ പദ്ധതി

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചു വരുന്നു.

20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ളവരും വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതി വിഭാഗക്കാരെയാണ് ആനുകൂല്യ വിതരണത്തിനായി പരിഗണിക്കുന്നത്.

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 6,767 പേർക്ക് വിദേശ തൊഴിൽ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട് .

പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ടപ്പുകൾക്കായി ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി 2016-ൽ പ്രവർത്തനം ആരംഭിക്കുകയും ഇതുവരെ 69 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ നൽകുകയും 3 മാനുഫാക്ച്ചറിംഗ് സ്റ്റാർട്ടപ്പുകൾക്ക് ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിൽ സ്ഥല സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതികളിലൂടെയുള്ള സഹായം കൂടാതെ പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷന് നൽകിയിട്ടുള്ള റിവോൾവിംഗ് ഫണ്ട് മുഖേനയുള്ള പലിശ രഹിത വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

**TRACE (Training for Career Excellence)**

വിദ്യാസമ്പന്നരായ പട്ടികജാതിയിൽപെട്ട യുവതിയുവാക്കൾക്ക് കൃത്യമായ പ്രായോഗിക പരിശീലനം ലഭിക്കാത്തതിനാൽ സർക്കാർ, സ്വകാര്യമേഖലകളിലെ മികവാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാതെ പോകുന്ന അവസ്ഥയിൽ നിന്നും, മികച്ച വിദ്യാഭ്യാസ യോഗ്യത ഉണ്ടായിട്ടും തദനുസാരമുള്ള തൊഴിൽ ലഭ്യമാകാത്തതിനാൽ മറ്റ് മേഖലകളിൽ തൊഴിൽ അന്വേഷകരാകുന്ന അവസ്ഥയിൽ നിന്നും, പട്ടികജാതി വിഭാഗം ഉദ്യോഗാർഥികളുടെ ദയനീയ അവസ്ഥയിൽ നിന്നും, മോചനം ലഭിക്കുന്നതിന് വേണ്ടി ഉദ്യോഗാർഥികൾ പ്രാവീണ്യം നേടിയിട്ടുള്ള പ്രൊഫഷനുകളുമായി ബന്ധപ്പെട്ട് തൊഴിൽ നേടുന്നതിന് അവർക്കായി പ്രായോഗിക പരിജ്ഞാനം, അനുഭവജ്ഞാനം, എന്നിവ ലഭ്യമാക്കുന്നതിനും അഭിമുഖങ്ങളിലും മറ്റും ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനും കരുത്ത്

നൽകുക എന്നുള്ള ഉദ്ദേശത്തോട് കൂടി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രേസ്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

**അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ**

B. Tech/ Diploma/ ITI പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗക്കാരായ യുവതി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി അവർക്ക് മികച്ച തൊഴിലുകൾ സംപ്രാപ്തമാക്കുന്നതിന് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇത്. B. Tech/ Diploma/ ITI പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീ യുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. എൻജിനീയറിങ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വളരെ വലിയ പുരോഗതി ഉണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്. 18,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

**ക്ലറിക്കൽ അസിസ്റ്റന്റ്സ് (Training programme for clerical assistants)**

പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീ യുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകി അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും അതുവഴി മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രാപ്തരാക്കുകയുമെന്ന ലക്ഷ്യത്തോട് കൂടി തൊഴിൽ പരിശീലന പദ്ധതി എന്ന നിലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ക്ലറിക്കൽ അസിസ്റ്റന്റ്സ് പരിശീലനം. ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലുമായി 225 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കുന്നത്. 10,000രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

**ലീഗൽ അസിസ്റ്റന്റ്സ് (legal assistants)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതി യുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി തങ്ങളുടെ കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിലൂടെ പ്രൊഫഷനിൽ ഉയർന്ന തലത്തിൽ

എത്തിച്ചേരുന്നതിനും സഹായകരമായ രീതിയിൽ 69 ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. നിയമബിരുദധാരികളായി എൻറോൾ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും, ജില്ലാ കോടതികളിലും, സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റുമാരായി പരിശീലനം നൽകുന്ന പദ്ധതിയാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ ജ്വാലയുടെ ഭാഗമായി പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകളിൽ ആവശ്യമായ നിയമ സഹായം ഒരുക്കുന്നതിനും നിയമം ശക്തമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും ഭരണ നിയമ സംവിധാനങ്ങളെ സഹായിക്കുന്നതിനും ഇവർക്ക് കഴിയുന്നുണ്ട്. 20,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

**കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവതീ യുവാക്കളെ വകുപ്പിന്റെ പദ്ധതികളുടെ നിർവ്വഹണത്തിൽ പങ്കാളികളാക്കി ജോലി പരിചയം ആർജ്ജിക്കുന്നതിനും വികസന പദ്ധതികൾ അവസരമൊരുക്കുന്ന നൂതന പരിശീലന പദ്ധതിയാണിത്. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള 60 യുവതീ യുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. 20,000രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

**എസ്.സി. പ്രൊമോട്ടർ**

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പി ലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നൽകി വരുന്ന സേവനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവത്കരിക്കുന്നതിന് വേണ്ടിയാണ് എസ്.സി പ്രൊമോട്ടർമാരെ നിയമിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ 1,216 എസ്.സി പ്രൊമോട്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഒന്നും നഗരസഭകളിൽ മൂന്നും കോർപ്പറേഷനുകളിൽ അഞ്ചും വീതം പ്രൊമോട്ടർമാരാണുള്ളത്. 10,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച സമഗ്ര വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നിലവിൽ പ്രസ്തുത വിവരശേഖരണം പൂർത്തിയായിട്ടില്ല. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ പുരോഗതി ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടില്ല. |
| (ഡി) | വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ വരുംതലമുറയെ മാറിവരുന്ന ലോക ക്രമത്തിനനുസൃതമായ കാഴ്ചപ്പാടുകളുള്ള സമൂഹമാക്കി വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദീകരിക്കുമോ? | (ഡി) | **<u>പട്ടികവർഗ്ഗം</u>**<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കുന്നതിനായി വിവിധ ജീവനോപാധി പദ്ധതികളും തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങളും പട്ടികവർഗ്ഗ വികസനവകുപ്പ് നടത്തിവരുന്നു. പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുത്തി സ്വയം പര്യാപ്തരാക്കുന്നതിനുമായി വിവിധങ്ങളായ ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് മെച്ചപ്പെട്ട തൊഴിൽ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇതിലൂടെ മെച്ചപ്പെട്ട ഉപജീവനം ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നു. കൂടാതെ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ ഭാഗമായി (TRACE) സർക്കാർ മേഖലയിൽ നിരവധി പട്ടികവർഗ്ഗ യുവതീ-യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ച് വരുന്നു. ട്രൈബൽ പ്ലസ് പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് നിലവിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പുറമേ അധികമായി 100 ദിവസത്തെ തൊഴിൽ ഉറപ്പ് വരുത്തുന്നു. കൂടാതെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങളായ കൃഷി, വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം എന്നിവയിൽ നിന്ന് അധികവരുമാനം കണ്ടെത്തുന്നതിനുള്ള സഹായവും വകുപ്പ് നൽകി വരുന്നു. ഇതിലൂടെയെല്ലാം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ഒരു പരിധിവരെ കഴിയുന്നുണ്ട്. |

**പട്ടികജാതി**

നൈപുണ്യ വികസന പരിശീലനങ്ങൾ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് , ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്ന പരിശീലകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നതാണ്.

നൈപുണ്യ വികസന പരിശീലന പദ്ധതികൾ പ്രകാരം 2016-17 മുതൽ നാളിതുവരെ 72,250 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

സ്വയം തൊഴിൽ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 (പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായി ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 2,488 പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യം അനുവദിച്ച നൽകിയിട്ടുണ്ട് .

വിദേശതൊഴിൽ ധനസഹായ പദ്ധതി

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ച വരുന്നു.

20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ളവരും വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതി വിഭാഗക്കാരെയാണ് ആനുകൂല്യ വിതരണത്തിനായി പരിഗണിക്കുന്നത്.

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 6,767 പേർക്ക് വിദേശ തൊഴിൽ ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട് .

പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ടപ്പുകൾക്കായി ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി 2016-ൽ പ്രവർത്തനം ആരംഭിക്കുകയും ഇതുവരെ 69 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ നൽകുകയും 3 മാനുഫാക്ച്ചറിംഗ് സ്റ്റാർട്ടപ്പുകൾക്ക് ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിൽ സ്ഥല സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതികളിലൂടെയുള്ള സഹായം കൂടാതെ പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷന് നൽകിയിട്ടുള്ള റിവോൾവിംഗ് ഫണ്ട് മുഖേനയുള്ള പലിശ രഹിത വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

**TRACE (Training for Career Excellence)**

വിദ്യാസമ്പന്നരായ പട്ടികജാതിയിൽപെട്ട യുവതിയുവാക്കൾക്ക് കൃത്യമായ പ്രായോഗിക പരിശീലനം ലഭിക്കാത്തതിനാൽ സർക്കാർ, സ്വകാര്യമേഖലകളിലെ മികവാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാതെ പോകുന്ന അവസ്ഥയിൽ നിന്നും, മികച്ച വിദ്യാഭ്യാസ യോഗ്യത ഉണ്ടായിട്ടും തദനുസാരമുള്ള തൊഴിൽ ലഭ്യമാകാത്തതിനാൽ മറ്റ് മേഖലകളിൽ തൊഴിൽ അന്വേഷകരാകുന്ന അവസ്ഥയിൽ നിന്നും, പട്ടികജാതി വിഭാഗം ഉദ്യോഗാർഥികളുടെ ദയനീയ അവസ്ഥയിൽ നിന്നും, മോചനം ലഭിക്കുന്നതിന് വേണ്ടി ഉദ്യോഗാർഥികൾ പ്രാവീണ്യം നേടിയിട്ടുള്ള പ്രൊഫഷനുകളുമായി ബന്ധപ്പെട്ട് തൊഴിൽ നേടുന്നതിന് അവർക്കായി പ്രായോഗിക പരിജ്ഞാനം, അനുഭവജ്ഞാനം, എന്നിവ ലഭ്യമാക്കുന്നതിനും അഭിമുഖങ്ങളിലും മറ്റും ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനും കരുത്ത് നൽകുക എന്നുള്ള ഉദ്ദേശത്തോട് കൂടി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രേസ്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

**അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ**

B. Tech/ Diploma/ ITI പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗക്കാരായ യുവതി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി അവർക്ക് മികച്ച തൊഴിലുകൾ സംപ്രാപ്തമാക്കുന്നതിന് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇത്. B. Tech/ Diploma/ ITI പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീ യുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. എൻജിനീയറിങ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വളരെ വലിയ പുരോഗതി ഉണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്. 18,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

### ക്ലറിക്കൽ അസിസ്റ്റന്റ്സ് (Training programme for clerical assistants)

പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീ യുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകി അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും അതുവഴി മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രാപ്തരാക്കുകയുമെന്ന ലക്ഷ്യത്തോട് കൂടി തൊഴിൽ പരിശീലന പദ്ധതി എന്ന നിലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ക്ലറിക്കൽ അസിസ്റ്റന്റ്സ് പരിശീലനം. ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലുമായി 225 യുവതീയുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കുന്നത്. 10,000രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.

### ലീഗൽ അസിസ്റ്റന്റ്സ് (legal assistants)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതി യുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി തങ്ങളുടെ കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിലൂടെ പ്രൊഫഷനിൽ ഉയർന്ന തലത്തിൽ എത്തിച്ചേരുന്നതിനും സഹായകരമായ രീതിയിൽ 69 ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. നിയമബിരുദധാരികളായി എൻറോൾ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും, ജില്ലാ കോടതികളിലും, സ്പെഷ്യൽ

| | | | |
|---|---|---|---|
| | | | കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റുമാരായി പരിശീലനം നൽകുന്ന പദ്ധതിയാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ ജ്വാലയുടെ ഭാഗമായി പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകളിൽ ആവശ്യമായ നിയമ സഹായം ഒരുക്കുന്നതിനും നിയമം ശക്തമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും ഭരണ നിയമ സംവിധാനങ്ങളെ സഹായിക്കുന്നതിനും ഇവർക്ക് കഴിയുന്നുണ്ട്. 20,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.<br><br>**കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവതീ യുവാക്കളെ വകുപ്പിന്റെ പദ്ധതികളുടെ നിർവ്വഹണത്തിൽ പങ്കാളികളാക്കി ജോലി പരിചയം ആർജ്ജിക്കുന്നതിനും വികസന പദ്ധതികൾ അവസരമൊരുക്കുന്ന നൂതന പരിശീലന പദ്ധതിയാണിത്. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള 60 യുവതീ യുവാക്കളെയാണ് ഇത്തരത്തിൽ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. 20,000രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്.<br><br>**എസ്.സി. പ്രൊമോട്ടർ**<br><br>പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പി ലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നൽകി വരുന്ന സേവനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവത്കരിക്കുന്നതിന് വേണ്ടിയാണ് എസ്.സി പ്രൊമോട്ടർമാരെ നിയമിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ 1,216 എസ്.സി പ്രൊമോട്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഒന്നും നഗരസഭകളിൽ മൂന്നും കോർപ്പറേഷനുകളിൽ അഞ്ചും വീതം പ്രൊമോട്ടർമാരാണുള്ളത്. 10,000 രൂപയാണ് പ്രതിമാസ ഓണറേറിയം നൽകുന്നത്. |

സെക്ഷൻ ഓഫീസർ